## മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് 1 പ്രകാരമുള്ള കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ 5926, നാലാം സമ്മേളനത്തിലെ 9, 1779 എന്നിവയ്ക്കുള്ള മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണംകാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു : സർ, പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 197-ന്റെ മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1969, 2001 എന്നിവയ്ക്കുള്ള മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ആഭ്യന്തരവും വിജിലൻസു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 216, 221, 1776 എന്നിവയ്ക്കുള്ള മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1362, അഞ്ചാം സമ്മേളനത്തിലെ 3073 എന്നിവയ്ക്കുള്ള മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പൽ 445-ന്റെ മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**(2) ചട്ടം 236 (5)അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരമുള്ള കടലാസുകൾ**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി (ശ്രീ. വി.എസ് ശിവകുമാർ) : സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII – ന്റെ 2010-2011 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശാധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ നടപടി സ്റ്റേറ്റുമെന്റ് യഥാസമയം ലഭ്യമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കികൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**ചട്ടം 236(6) അനുസരിച്ചുള്ള ലിസ്റ്റ് III പ്രകാരമുള്ള കടലാസുകൾ**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236(6) പ്രകാരം സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റേയും നീതിന്യായ നിർവ്വഹണം എന്ന III ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റേയും തെരഞ്ഞെടുപ്പുകൾ എന്ന IV -ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന ഇലക്ഷൻ വകുപ്പിന്റേയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV -ാം നമ്പർ ധനഭ്യർത്ഥനയുടെ കീഴിൽവരുന്ന പൊതുഭരണ (സ്പെഷ്യൽ എ) വകുപ്പിന്റേയും 2011-2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

റവന്യുവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2011-12 സാമ്പത്തികവർഷത്തെ വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയിൽ കയർ വികസന വകുപ്പിന് ലഭിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് ചട്ടം 236(6) പ്രകാരമുള്ള ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

നഗരകാര്യവും, ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി), സർ, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236(6) പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

എന്ന XXV -ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ 2011-12 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം 2011-12 സാമ്പത്തികവർഷത്തെ വനം എന്ന XXXIV -ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന വനം വകുപ്പിന്റെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിനുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) സർ, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം തൊഴിലും, തൊഴിലാളിക്ഷേമവും എന്ന XXIV -ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന നോർക്ക വകുപ്പിന്റെ 2010-2011 സാമ്പത്തിക വർഷത്തെ ആന്വൽ പെർമോൻസ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റുമെന്റ് സഹിതം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി (ശ്രീ.തോമസ് ഉണ്ണിയാടൻ): കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ 2011-12 സാമ്പത്തികവർഷത്തെ ആന്വൽ പെർഫോമൻസ്

റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റിയിലെ അംഗമായ ഞാൻ ചെയർമാനുവേണ്ടി മേശപ്പുറത്തുവയ്ക്കുന്നു.

ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി ( ശ്രീ. കെ. എം. മാണി) സർ, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം 2011-12 സാമ്പത്തിക വർഷത്തെ V(കാർഷികാദായ നികുതിയും വിലപന നികുതിയും), X (ട്രഷറിയും അക്കൗണ്ടുകളും), XI(ജില്ലാഭരണവും പലവകയും), XIV(സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും), XVI(പെൻഷനും പലവകയും), XLV(പലവക വായ്പകളും മുൻകൂറുകളും) എന്നീ നമ്പർ ധനാഭ്യർത്ഥനകുടെ പരിധിയിൽവരുന്ന ധനകാര്യവകുപ്പിന്റെയും നികുതിവകുപ്പിന്റെയും ആന്വൽ പെർഫോമൻസ് റിപ്പോർട്ട് വകുപ്പുമന്ത്രിയായ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം 2010-2011 സാമ്പത്തികവർഷത്തെ കൃഷി എന്ന XXIX -ാം എന്ന ധനാഭ്യർത്ഥനയുടേയും മൃഗസംരക്ഷണമെന്ന XXXI -ാം എന്ന ധനാഭ്യർത്ഥനയുടേയും ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റുമെന്റ് സഹിതം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പഞ്ചായത്തും, സൂമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം 2010-2011, 2011 -2012 എന്നീ സാമ്പത്തികവർഷങ്ങളിലെ സാമൂഹ്യസുരക്ഷിതത്വവും

ക്ഷേമവും എന്ന XLVI -ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന സാമൂഹ്യവകുപ്പിന്റെ ആന്വൽ പെർഫോൻസ് റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV -ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന വിജിലൻസ് വകുപ്പിന്റെ 2011-2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. മാത്യു. ടി. തോമസ് : സർ, പോയിന്റ് ഓഫ് ഓർഡർ, ചട്ടം 236(6) പ്രകാരമുള്ള ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളാണ് ബഹുമാനപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവച്ചത്. അത് ഭരണവകുപ്പിന്റെ ചുമതലയിലുള്ള മന്ത്രിമാർ എന്നുള്ള നിലയ്ക്കാണോ, സബ്ജക്ട് കമ്മിറ്റിയുടെ അധ്യക്ഷൻ എന്ന നിലയ്ക്കാണോ വച്ചതെന്ന് അങ്ങ് വ്യക്തമാക്കണം. സബ്ജക്ട് കമ്മിറ്റിയുടെ അധ്യക്ഷൻ എന്ന രീതിയിലാണെങ്കിൽ സബ്ജക്ട് കമ്മിറ്റിയിലെ മറ്റൊരംഗത്തിന് വയ്ക്കാവുന്നതാണ്. അതാണ് ശ്രീ. തോമസ് ഉണ്ണിയാടൻ ഇവിടെ ചെയ്തത്. അതേസമയം ഭരണവകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെന്നുള്ള നിലയിലാണെങ്കിൽ മറ്റു മന്ത്രിമാർക്കും ഇത് വയ്ക്കാം. ഇവിടെ മന്ത്രിമാർക്ക് പകരം മറ്റ് മന്ത്രിമാർ വയ്ക്കുകയും ഒരു മന്ത്രിയ്ക്കുപകരമായി ഒരംഗം മേശപ്പുറത്ത് വയ്ക്കുകയും ചെയ്തത് ഓർഡറിലാണോ എന്ന് അങ്ങ് റൂൾ ചെയ്യണം.

മി. സ്പീക്കർ : You are correct. വകുപ്പുമന്ത്രി ഇല്ലാത്തതുകൊണ്ട് ഏതെങ്കിലും മന്ത്രി വയ്ക്കേണ്ടതായിരുന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. മന്ത്രിക്ക് പകരം മറ്റൊരംഗം വച്ചത് ചട്ടപ്രകാരമല്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് അനുവദിക്കുകയാണെങ്കിൽ ഞാൻ അത് റീ-ലേ ചെയ്യാം.

Mr. Speaker: Yes

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(6) പ്രകാരം ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ 2011-12 സാമ്പത്തികവർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

### 1. സബ്ജക്ട് കമ്മിറ്റി XII –ന്റെ 2011-2012-ലെ ധനാഭ്യർത്ഥനകളുടെ ഒന്നാമത് റിപ്പോർട്ട്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

### 2. ഹർജികൾ സംബന്ധിച്ച സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ

ശ്രീ തോമസ് ഉണ്ണിയാടൻ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 3. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ (2011-2014) അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് (2010 ജനുവരി ഒന്നുമുതൽ 2011 ഡിസംബർ 31 വരെ പരിഗണിച്ചത്) സമർപ്പിക്കുന്നു.

**(4) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ (2011-2014) രണ്ടാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

**(5) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്**

ശ്രീ. റ്റി. യു. കുരുവിള: സർ, മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ (2011-2014) -ന്റെ ഒന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

* * * * * * * * * * * * * * *